LIBRARY ARCHIVES Kerala Legislative Assembly

ചാലക്കുടി നഗരസഭയിൽ ആധുനിക മത്സ്യ മാർക്കറ്റ്

249(555) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി നഗരസഭയിൽ ആധുനിക മത്സ്യ മാർക്കറ്റ് നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

(ബി) ഇതിനായി തയ്യാറാക്കിയ ഡി.പി.ആർ.-ന് കിഫ്ബിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ?

(എ&ബി) ചാലക്കുടി നഗരസഭയിൽ ആധുനിക മത്സ്യമാർക്കറ്റ് സ്ഥാപിക്കുന്നതിനായി 268.93 ലക്ഷം രൂപയുടെ ഡി.പി.ആർ. തയ്യാറാക്കി സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ കിഫ്ബിയുടെ അപ്രൈസൽ നടന്നുവരുന്നു. അപ്രൈസൽ പൂർത്തിയാകുന്ന മുറയ്ക്ക് അംഗീകാരം ലഭ്യമാകുന്നതാണ്.

പയ്യന്നൂർ ഫിഷ് മാർക്കറ്റ് നവീകരണം

250(556) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നഗരസഭയിലെ പയ്യന്നൂർ ഫിഷ് മാർക്കറ്റ് നവീകരിക്കുന്നതിനുള്ള പ്രോജക്ട് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഉൾപ്പെടുത്താനാവശ്യമായ നടപടി സ്വീകരിക്കുമോ?

(എ&ബി) പയ്യന്നൂർ നഗരസഭയിലെ പയ്യന്നൂർ ഫിഷ് മാർക്കറ്റ് നവീകരിക്കുന്നതിനുള്ള പ്രോജക്ട് നിലവിൽ തദ്ദേശസ്വയംഭരണ വകുപ്പ് അംഗീകാരം നൽകിയ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. തദ്ദേശസ്വയംഭരണ വകുപ്പ് ശിപാർശ ലഭ്യമായാൽ തുടർനടപടി സ്വീകരിക്കാൻ കഴിയുന്നതാണ്.

മത്സ്യത്തൊഴിലാളികളുടെ ക്ഷേമം

251(557) ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മത്സ്യലേല വിപണന ഗ്രണനിലവാര പരിപാലന നിയമം ഓർഡിനൻസായി പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ മത്സ്യത്തിന്റെ ആദ്യ വിൽപ്പനാവകാശം ഉറപ്പുവരുത്തുന്നതിനും മത്സ്യത്തിന് ന്യായവില ലഭ്യമാക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?